ഉത്തരം

(എ) ഉണ്ട്.

(ബി&സി) 35 ഒഴിവുകളാണ് നിലവിലുള്ളത്. ആവശ്യം കണക്കിലെടുത്ത് ഉചിതമായ എണ്ണം വർക്കർമാരെ ജോലിക്ക് ഏർപ്പെടുത്താനാണ് തീരുമാനിച്ചിട്ടുള്ളത്. കണ്ടൻചിറ എസ്റ്റേറ്റിൽ ആദിവാസി വിഭാഗങ്ങൾക്കാണ് ഇക്കാര്യത്തിൽ പരിഗണന നൽകുന്നത്.

കൂട്ടനാട് പാക്കേജ്

162 (3367) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂട്ടനാട് പാക്കേജിന്റെ കാലാവധി എന്ന് തുടങ്ങി എന്നും എന്ന് അവസാനിച്ചു എന്നും വ്യക്തമാക്കുമോ;

(ബി) പാക്കേജിന്റെ ആകെ അടങ്കൽ തുക എത്രയായിരുന്നു; അതിൽ കേന്ദ്ര-സംസ്ഥാന അനുപാതം എത്രയായിരുന്നു എന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി ആകെ ലഭിച്ച കേന്ദ്ര ഫണ്ട് എത്രയെന്നും ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്കായി സംസ്ഥാന ബജറ്റിൽ അനുവദിച്ച തുക എത്രയെന്നും ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ വീഴ്ചകൊണ്ട് സംസ്ഥാനത്തിന് ഉണ്ടായ നഷ്ടം എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൂട്ടനാട് പാക്കേജിന്റെ കാലാവധി തുടങ്ങിയത് 2008 ജൂലൈ 24-നും അവസാനിച്ചത് ജൂലൈ 2012-നുമാണ്.

(ബി) കൂട്ടനാട് പാക്കേജിന്റെ മൊത്തം അടങ്കൽ തുക 1840.40 കോടി രൂപയാണ്. 50 ലക്ഷത്തിനു താഴെ ചെലവുള്ള പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ ഫണ്ടിലും അതിന് മേൽ തുകയുള്ള പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ തുടർ സ്കീമുകളിൽ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുന്നതിന്റെ ഭാഗമായാണ് പദ്ധതികൾ അംഗീകാരം ലഭിച്ചു നടപ്പിലാക്കുന്നത്. പദ്ധതികൾ വിവിധ കേന്ദ്ര സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനാൽ ഓരോ സ്കീമുകളുടെയും മാനദണ്ഡങ്ങൾക്കനുസൃതമായി കേന്ദ്ര-സംസ്ഥാന വിഹിതത്തിൽ വ്യത്യാസമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കൂട്ടനാട് പാക്കേജിനായി ആകെ ലഭിച്ച/റിലീസ് ചെയ്ത ഫണ്ട് 434.428 കോടി രൂപയാണ്. ഇതിൽ ചെലവഴിച്ചത് 403.403 കോടി രൂപയാണ്.

(ഡി) കൂട്ടനാട് പാക്കേജിന് പ്രത്യേക ബഡ്ജറ്റ് ശീർഷകമില്ലാത്തതിനാൽ പദ്ധതികൾ വിവിധ വകുപ്പുകളുടെ നിലവിലുള്ള (ongoing) കേന്ദ്ര-സംസ്ഥാന സ്കീമുകളിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കി വരുന്നത്. 50 ലക്ഷത്തിന് താഴെ ചെലവുള്ള പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ ഫണ്ടിലും അതിന് മുകളിൽ തുകയുള്ള പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ തുടർ സ്കീമുകളിൽ ഉൾപ്പെടുത്തിയുമാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. പദ്ധതികൾ വിവിധ കേന്ദ്ര-സംസ്ഥാന സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനാൽ ഓരോ സ്കീമുകളുടെയും മാനദണ്ഡങ്ങൾക്ക് അനുസൃതമായി സംസ്ഥാന വിഹിതത്തിൽ വ്യത്യാസമുണ്ട്.

(ഇ) കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടില്ല. കൂട്ടനാട് പാക്കേജിനായി പ്രത്യേക ബഡ്ജറ്റ് ശീർഷകമില്ലാത്തതിനാൽ പദ്ധതികൾ വിവിധ വകുപ്പുകളുടെ നിലവിലുള്ള തുടർ സ്കീമുകളിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കി വരുന്നത്. പദ്ധതികൾക്ക് അനുയോജ്യമായ മാനദണ്ഡങ്ങളുള്ള കേന്ദ്ര സ്കീമുകൾ കണ്ടെത്തുന്നതിനുള്ള കാലതാമസവും, പദ്ധതികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാങ്കേതിക അനുമതിയും ലഭിക്കുന്നതുമായി ബന്ധപ്പെട്ട് കാലതാമസം നേരിട്ടിട്ടുണ്ട്.

കോൾനില പാക്കേജ്

163 (3368) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ, പൊന്നാനി കോൾനില പാക്കേജിൽ മലപ്പുറം ജില്ലയിലെ ആലംകോട്, നന്നംമുക്ക്, പെരുമ്പടപ്പ്, വെളിയങ്കോട്, മാറഞ്ചേരി, എടപ്പാൾ എന്നീ ഗ്രാമപഞ്ചായത്തുകളിൽ എന്തെല്ലാം പ്രവൃത്തികളാണ് നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ബി) എത്ര തുകയാണ് കോൾനില പാക്കേജിൽ പ്രസ്തുത ഇടങ്ങളിലേയ്ക്ക് അനുവദിച്ചിട്ടുള്ളത് എന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly